അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഇനിയും അധികം തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

**മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**

128 (139) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്തുമോ ;

(സി) ഈ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്ഥിരമായി ഡോക്ടർമാർ ഇല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ രണ്ട് ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ ഒന്നിൽ കരാർ അടിസ്ഥാനത്തിലും മറ്റേതിൽ പയ്യന്നൂർ ആശുപത്രിയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിലും ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) സ്ഥിരമായി ഡോക്ടറെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനം**

129 (140) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) മെഡിക്കൽ കോളേജുകളിലെയും ജില്ലാ-താലൂക്ക് ആശുപത്രികളിലെയും ഔഷധക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് വഴിയും ലഭ്യമാക്കാറുണ്ട്.

**പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടി**

**130 (141)** ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് മെഡിക്കൽ കൗൺസിലിന്റെ സമ്പൂർണ്ണ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു.

(സി&ഡി) ഈ സ്ഥാപനത്തിന് വർഷംതോറുമാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്. 1999-2000 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരാതി**

**131 (142)** ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്ര എണ്ണത്തിൻമേൽ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചവ സംബന്ധിച്ച് പരാതിക്കാർക്ക് മറുപടി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പരാതി നൽകുന്നവർക്ക് മൂന്ന് മാസത്തിനുള്ളിൽ മറുപടി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാഫിക് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള പോലീസ് സഹായം ലഭ്യമാക്കുന്നതിനു വേണ്ടി പോലീസ് ഹെൽപ്പ് ലൈൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് സുരക്ഷയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മോട്ടോർ വാഹന നിയമം നടപ്പിലാക്കുന്നതിനും വേണ്ടി 15-5-2000 മുതൽ 15-6-2000 വരെ റോഡ് സേഫ്റ്റി മാസമായി ആചരിച്ചു വരുന്നു.

## അനുബന്ധം XIV

**[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129(140) കാണുക]**

## സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിഷചികിത്സാ കേന്ദ്രം, സൂപ്പർ സപെഷ്യാലിറ്റി ബ്ലോക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിലെ വിദ്യാർത്ഥികൾക്കുവേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ പണി പൂർത്തിയായി വരുന്നു. തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. അക്കാഡമിക് വികസനത്തിന്റെ ഭാഗമായി ഫാർമസി കോളേജിന്റെകീഴിൽ രണ്ടു ബിരുദാനന്തര (എം.ഫാം) കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ബി.എസ്സി., എം.എൽ.റ്റി. ഡിപ്പാർട്ടുമെന്റിന് കീഴിൽ എം.എസ്.സി., എം.എൽ.റ്റി. കോഴ്സ് ആരംഭിക്കാനുള്ള നടപടി എടുത്തു വരുന്നു. ബിഹേവിയർ സയൻസ് ഡിപ്പാർട്ടുമെന്റിനു കീഴിൽ കൗൺസിലിംഗ് ആന്റ് റീ ഹാബിലിറ്റേഷൻ കോഴ്സ് ആരംഭിച്ചു. ബ്ലഡ് ബാങ്കിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു. മെഡിക്കൽ കോളേജിലെ സെൻട്രൽ ലൈബ്രറിയും മെഡിക്കൽ റിക്കോർഡ്സ് സെക്ഷനും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒപ്താൽമോളജിയുടെ വികസനത്തിന് നടപടിയെടുത്തിട്ടുണ്ട്.

2. മെഡിക്കൽ കോളേജ്, ആലപ്പുഴ

ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിൽ ചികിത്സാ രംഗത്ത് ഏറ്റവും നൂതനമായ ചികിത്സാ രീതികൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നു. മെഡിക്കൽ ഗവേഷണ രംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. നൂറ് (100) എം.ബി.ബി.എസ്. വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യുന്നതിനോടൊപ്പം, മെഡിസിൻ, സർജറി, അനസ്തേഷ്യോളജി, പീഡിയാട്രിക്സ്, ഒ ആന്റ് ജി പത്തോളജി എന്നീ സപെഷ്യാലിറ്റികളിൽ പി.ജി.കോഴ്സ് ആരംഭിച്ചു. വണ്ടാനം മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് ഒരു സി.ടി.സ്കാൻ സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫക്ഷ്യസ് ഡിസീസസ്, മൈക്രോബയോളജി

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിനോടനുബന്ധിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അതിലേയ്ക്കായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങാനുള്ള നടപടിയെടുത്തിയിട്ടുണ്ട്. കോളേജ് കോമ്പൗണ്ടിൽ തന്നെ മെഡിക്കൽ കോളേജ് ആശുപത്രി സമുച്ചയത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇതിലേക്കായി ഇത്തവണത്തെ ബഡ്ജറ്റിൽ 3 (മൂന്ന്) കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3. മെഡിക്കൽ കോളേജ്, കോഴിക്കോട്

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ബി.ഫാം കോഴ്സ് തുടങ്ങുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. സ്പൈറൽ സി.ടി.സ്കാൻ കെ.എച്ച്. ആർ.ഡബ്ല്യൂ.എസിന്റെ കീഴിലും വേറൊരു സി.ടി. സ്കാൻ എച്ച്.ഡി.എസിന്റെ കീഴിലും ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പി.ജി. ഹോസ്റ്റലിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. റേഡിയോ തെറാപ്പി ഡിപ്പാർട്ടുമെന്റിൽ (ബ്രാക്കി തെറാപ്പി സിസ്റ്റം) ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടി എടുത്തു വരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു അർബൻ ഹെൽത്ത് സെന്റർ 16-6-2000-ൽ ഉദ്ഘാടനം ചെയ്തു.

4. മെഡിക്കൽ കോളേജ്, കോട്ടയം

കോട്ടയം മെഡിക്കൽ കോളേജിന്റെ സൂപ്പർ സപെഷ്യാലിറ്റി ബ്ലോക്കായ 'ഡി' ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ജലവിതരണത്തിനുള്ള ആഗ്മെന്റേഷൻ സ്കീം പൂർത്തിയാക്കാനുള്ള നടപടികൾ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് എടുത്തുവരുന്നു. ഗൈനക്കോളജി ബ്ലോക്ക് പൂർത്തിയാക്കുന്നതോടുകൂടി നിയോനാറ്റോളജി യൂണിറ്റും മെറ്റേണിറ്റി ഹെൽത്തും ഒരുമിച്ചാക്കുന്നതിന് സാധിക്കും. ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹായത്തോടെ ഒരു ഡോർമെറ്ററി ബ്ലോക്ക് നിർമ്മിക്കുവാനുള്ള പരിപാടിയുണ്ട്. പേയിംഗ് കൗണ്ടർ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഇന്റൻസീവ് കെയർ യൂണിറ്റിന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. മെഡിക്കൽ കോളേജ്, തൃശ്ശൂർ

400 കിടക്കകളുള്ള ഒരു ആശുപത്രി കെട്ടിടത്തിന്റെ പണി കഴിഞ്ഞിട്ടുണ്ട്. സർജറി, ഒ.പി.ബ്ലോക്കുകൾ എന്നിവയുടെ പണി തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, കുടിവെള്ള സൗകര്യം പൂർത്തീകരിച്ചാൽ മാത്രമേ നിലവിൽ തൃശ്ശൂർ ടൗൺ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന സർജറി ഡിപ്പാർട്ടുമെന്റുകൾ പൂർണ്ണമായും മുളംകുന്നത്തുകാവിലേക്ക് മാറ്റുവാൻ സാധിക്കുകയുള്ളു.റെയിൽവേ മേൽപ്പാലം പണിയേണ്ടതും ആവശ്യമാണ്.

ടെലിതെറാപ്പി വിഭാഗത്തിന്റെയും നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു. ജീവനക്കാർക്കാവശ്യമായ ഫാമിലി ക്വാർട്ടേഴ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മെഡിക്കൽ കോളേജിലേക്ക് പീച്ചി ഇറിഗേഷനിൽ നിന്നും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആശുപത്രിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly